കണ്ണൂർ ജില്ലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ്

473 [513] ശ്രീ. എ.കെ. ശശീന്ദ്രൻ:
,, പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിനു് അനുയോജ്യമായ സ്ഥലം ഏതാണെന്ന് പരിശോധിച്ചുവോ; എങ്കിൽ ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) കോളേജ് ആരംഭിക്കുന്നതിനായി ഇതിനകം എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നു;

(ഡി) കോളേജിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്;

(ഇ) കോളേജ് ഈ വിദ്യാഭ്യാസ വർഷത്തിൽ ആരംഭിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ ആണ്ടൂർ പഞ്ചായത്തിൽ മങ്ങാട്ടു പറമ്പിൽ നിർദ്ദിഷ്ട കോളേജ് സ്ഥാപിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) തുടർന്നു വേണ്ട നടപടി എടുക്കുവാൻ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി, ഇ) ഈ അദ്ധ്യയനവർഷത്തിൽ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്.

പുതിയ പോളിടെക്നിക്കുകൾ

474 [514] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴാം പദ്ധതിയിൽ സംസ്ഥാനത്ത് പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര;

(ബി) സ്വകാര്യ മേഖലയിലെത്ര;

(സി) പൊതുമേഖലയിലെത്ര?

ഉത്തരം

(എ, ബി, സി) ഉണ്ട്. സ്വകാര്യമേഖലയിലും പൊതുമേഖലയിലും ആരംഭിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം തീരുമാനിച്ചിട്ടില്ല.

തലശ്ശേരി ഡി. ഇ. ഒ. ഓഫീസ്

475 [516] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഡി. ഇ. ഒ. ഓഫീസ് നിലവിലുള്ള കെട്ടിടത്തിൽ നിന്നും മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഓഫീസ് എവിടെക്കാണ് മാറ്റാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly